പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3250 29/01/2014-ലെ മറുപടിക്ക്

കുളമ്പു രോഗബാധയെ തുടർന്നുള്ള പാലിന്റെ കുറവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കുളമ്പുരോഗബാധയെ തുടർന്ന് വൈക്കം നിയോജകമണ്ഡല പരിധിയിലുള്ള ക്ഷീര സംഘങ്ങളിൽ ദിവസേന എത്ര ലിറ്റർ പാലിന്റെ കുറവുണ്ടായെന്ന് വ്യക്തമാക്കുമോ ; | (എ) | കുളമ്പുരോഗബാധയെ തുടർന്ന് വൈക്കം നിയോജകമണ്ഡലത്തിൽ **1020** ലിറ്റർ പാലിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ബി) കുളമ്പുരോഗബാധിത പ്രദേശങ്ങളിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | കുളമ്പുരോഗം ബാധിച്ച കന്നുകാലികൾ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്ത ഭവനങ്ങളിൽ ക്ഷീരവികസന ഓഫീസറുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി സ്ഥിതിഗതികൾ അവലോകനം ചെയ്തു. ചികിൽസക്കുള്ള നിർദ്ദേശങ്ങൾ നൽകി, തൊഴുത്തും പരിസരവും, പശുവിന്റെ കുളമ്പും ശുചിയാക്കാൻ പി.എച്ച്.സിയുടെ സഹായത്തോടെ ലോഷൻ വിതരണം നടത്തി . സംഘങ്ങളിൽ കർഷകരുടെ യോഗം നടത്തി കർഷകരുടെ ആശങ്ക കുറക്കുവാൻ ശ്രമിച്ചു. അസുഖം ബാധിച്ച് പശുക്കൾ ചത്തുപോയ ഭവനങ്ങൾ സന്ദർശിച്ച് മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ നിർദ്ദേശം നല്കി. കുളമ്പ് രോഗം സംബന്ധിച്ച് വൈക്കം ക്ഷീരവികസന ഓഫീസർ പഞ്ചായത്തുകളിൽ അറിയിച്ചതിനെ തുടർന്ന് മരുന്നു വാങ്ങുവാൻ 5000/ രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ചു ( ടി തുക മൃഗാശുപത്രി വഴിയാണ് ചെലവഴിക്കുന്നത്.) |
| സി) കുളമ്പുരോഗം വർദ്ധിച്ചതിനെ തുടർന്നുണ്ടായ പ്രതിസന്ധികൾ നേരിടാൻ ക്ഷീരസംഘങ്ങളെ ഏത് രീതിയിലാണ് സഹായിക്കുന്നതെന്ന് | (സി) | കുളമ്പുരോഗ ബാധയെത്തുടർന്ന് പശുക്കൾ ചത്തുപോയിട്ടുള്ള ക്ഷീരകർഷകർക്ക് മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് |

വ്യക്തമാക്കുമോ ?

10,000/രൂപ വീതവും മൃഗസംരക്ഷണവകുപ്പ് 20,000/ രൂപ വീതവും ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപുറമേ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ, സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ കുളമ്പുരോഗം മൂലം ചത്തുപോയ പശുക്കൾക്ക് 10000/ രൂപയും കിടാരിക്ക് 2000/ രൂപ വീതവും കന്നുകുട്ടിക്ക് 1000/ രൂപ വീതവും നൽകി വരുന്നു. ആപ്കോസ് സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് കുറവുണ്ടാകുന്ന ഓരോ ലിറ്റർ പാലിനും ഒരു മാസത്തേക്ക് 500 ഗ്രാം കാലിത്തീറ്റ വീതം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ കറവ പശു കുളമ്പുരോഗം മൂലം ചത്തുപോയാൽ 10000/ രൂപവീതം നൽകിവരുന്നു. മലബാർ മേഖലാ യൂണിയനിലും പശുവൊന്നിന് 10,000/ രൂപ വീതം നൽകുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനുപുറമേ ചികിൽസാ ചിലവിനത്തിൽ പരമാവധി 2000/ രൂപ വരെ വെറ്റിനറി മെഡിക്കൽ റീഇംബേഴ്സ് മെന്റ് പദ്ധതിയിലൂടെ നല്കിവരുന്നു.

സെക്ഷൻ ഓഫീസർ